# ‘ലാ ഇലാഹ ഇല്ലല്ലാഹു’ എന്ന സാക്ഷ്യവചനത്തിലേക്കുള്ള ക്ഷണം

അല്ലാഹുﷻ പറഞ്ഞിരിക്കുന്നു:

﴿ قُلْ هَٰذِهِۦ سَبِيلِىٓ أَدْعُوٓا۟ إِلَى ٱللَّهِ ۚ عَلَىٰ بَصِيرَةٍ أَنَا۠ وَمَنِ ٱتَّبَعَنِى ۖ وَسُبْحَٰنَ ٱللَّهِ وَمَآ أَنَا۠ مِنَ ٱلْمُشْرِكِينَ ﴾

((നബിയേ) പറയുക, ഇതാണെന്റെ മാർഗ്ഗം. ദൃഢബോധത്തോടുകൂടി അല്ലാഹുവിലേക്ക് ഞാൻ ക്ഷണിക്കുന്നു. ഞാനും എന്നെ പിൻപറ്റിയവരും. അല്ലാഹു എത്ര പരിശുദ്ധൻ! ഞാൻ (അവനോട്) പങ്കുചേർക്കുന്ന കൂട്ടത്തിലല്ലതന്നെ.) (വി.ക്വു. 12: 108)

ഇബ്നു അബ്ബാസ്ﷺവിൽനിന്ന് നിവേദനം: അല്ലാഹുവിന്റെ റസൂൽﷺ മുആദ്ﷺവിനെ യമനിലേക്കയച്ചപ്പോൾ അദ്ദേഹത്തോട് പറഞ്ഞു:

«إنّكَ تَأْتِي قَوْماً مِنْ أَهْلِ الْكِتَابِ، فَلْيَكُنْ أَوّلَ مَا تَدْعُوهُمْ إِلَيْهِ شَهَادَةُ أَنْ لاَ إِلَهَ إلاّ الله (وفي رواية: إلى أنْ يُوَحِّدُوا الله)، فَإِنْ هُمْ أَطَاعُوكَ لِذَلِكَ. فَأَعْلِمْهُمْ أَنّ الله افْتَرَضَ عَلَيْهِمْ خَمْسَ صَلَوَاتٍ فِي كُلّ يَوْمٍ وَلَيْلَةٍ، فَإِنْ هُمْ أَطَاعُوكَ لِذَلِكَ فَأَعْلِمْهُمْ أَنّ الله افْتَرَضَ عَلَيْهِمْ صَدَقَةً تُؤْخَذُ مِنْ أَغْنِيَائِهِمْ فَتُرَدّ على فُقَرَائِهِمْ، فَإِنْ هُمْ أَطَاعُوكَ لِذَلِكَ, فَإِيّاكَ وَكَرَائِمَ أَمْوَالِهِمْ، وَاتّقِ دَعْوَةَ الْمَظْلُومِ فَإِنّهُ لَيْسَ بَيْنَهَا وَبَيْنَ اللّهِ حِجَابٌ».

“താങ്കൾ പോകുന്നത് വേദക്കാരിൽ ഒരു വിഭാഗത്തിന്റെ അടുക്കലേക്കാണ്. അതിനാൽ അവരെ നിങ്ങൾ ആദ്യമായി ക്ഷണിക്കേ ത് ‘ലാ ഇലാഹ ഇല്ലല്ലാഹു’ എന്നതിലേക്കാണ്. (മറ്റൊരു റിപ്പോർട്ടിൽ: അല്ലാഹുവിന്റെ ഏകത്വം അംഗീകരിക്കുന്നതിലേക്കാണ്) അതിന് അവർ താങ്കളെ അനുസരിച്ചാൽ എല്ലാ ഓരോ രാപ്പകലുകളിലുമായി അഞ്ചുനേരത്തെ നമസ്കാരങ്ങൾ അല്ലാഹു

അവരുടെമേൽ നിർബന്ധമാക്കിയിരിക്കുന്നുവെന്ന് അവരെ നിങ്ങൾ അറിയിക്കുക. അതിലും താങ്കളെ അവർ അനുസരിച്ചാൽ അല്ലാഹു അവരുടെമേൽ സകാത്ത് നിർബന്ധമാക്കിയിരിക്കുന്നുവെന്നും അത് അവരിലെ ധനികരിൽ നിന്ന് സ്വീകരിക്കപ്പെടുകയും അവരിലെ ദരിദ്രർക്ക് വിതരണം ചെയ്യപ്പെടുകയും ചെയ്യണമെന്ന് അവരെ പഠിപ്പിക്കുക. ഇക്കാര്യത്തിലും അവർ താങ്കളെ അനുസരിച്ചാൽ, അവരുടെ ധനത്തിലെ ഉത്തമമായതിനെ (മാത്രം സകാത്തായി) പിടിച്ചെടുക്കുന്നത് താങ്കൾ സൂക്ഷിക്കുക. മർദ്ദിതന്റെ പ്രാർത്ഥനയെ താങ്കൾ സൂക്ഷിക്കുക. തീർച്ചയായും അക്രമിക്കപ്പെട്ടവന്റെ പ്രാർത്ഥനക്കും അല്ലാഹുവിനുമിടയിൽ മറയില്ല" (ബുഖാരി, മുസ്‌ലിം)

സഹ്ല് ഇബ്നു സഅ്ദ്ﷺ വിൽനിന്ന് നിവേദനം: അല്ലാഹുവിന്റെ റസൂൽﷺ ഖയ്ബർ യുദ്ധദിനം പറഞ്ഞു:

«لأُعْطِيَنَّ الرايةَ غداً رجلاً يُحِبّ اللهَ ورسولَهُ ويُحبّه اللهُ ورسولُهُ يَفتحُ اللهُ على يديهِ». فباتَ الناسُ يَدوكون ليلتَهم أيُّهم يُعطاها. فلما أصبحُوا غَدَوا على رسولِ اللهِ ﷺ كلهم يرجو أن يُعطاها, فقال: «أينَ عليّ بن أبي طالب؟» فقيل: هو يَشتكي عينَيهِ: فأرسلوا إليه.فأُتِيَ به فبَصَقَ في عينَيه, ثُمَّ دَعَا لَهُ فَبَرَأ كأنْ لم يكنْ به وَجَع, فأعطاهُ الراية, فقال: «انفُذْ على رِسْلِكَ حتى تنزلَ بساحَتِهم, ثم ادْعُهم إلى الإسلام, وَأَخْبِرْهُم بما يَجبُ عليهم من حقّ اللّهِ فيه, فواللّهِ لأَنْ يَهْدِيَ اللّهُ بكَ رجُلاً واحداً خيرٌ لكَ مِن حُمْرُ النّعَم».

"ഞാൻ നാളെ പതാക ഒരു വ്യക്തിക്ക് നൽകും. അദ്ദേഹം അല്ലാഹുവിനേയും അല്ലാഹുവിന്റെ റസൂലിനേയും ഇഷ്ടപ്പെടുന്നു. അദ്ദേഹത്തെ അല്ലാഹുവും അല്ലാഹുവിന്റെ റസൂലും ഇഷ്ടപ്പെടുന്നു. അദ്ദേഹത്തിന്റെ കരങ്ങളിലൂടെ അല്ലാഹു വിജയം നൽകും. അതിൽപിന്നെ തങ്ങളിൽ ആർക്കാണ് അത് നൽകപ്പെടുക എന്ന സംസാരത്തിൽ മുഴുകികൊണ്ട് ജനങ്ങൾ രാത്രി കഴിച്ചുകൂട്ടി. അങ്ങനെ പ്രഭാതമായപ്പോൾ അല്ലാഹുവിന്റെ റസൂൽﷺയുടെ അരികിലേക്ക് തനിക്കത് നൽകപ്പെടണം എന്നാഗ്രഹിച്ചു കൊണ്ട് അവരെല്ലാവരും ചെന്നു. അദ്ദേഹം പറഞ്ഞു: അലിയ്യ് ഇബ്നു അബീത്വാലിബ് എവിടെ? അപ്പോൾ പറയപ്പെട്ടു: അദ്ദേഹത്തിന്റെ ഇരുകണ്ണുകൾക്കും രോഗമാണെന്ന് ആവലാതിപ്പെടുന്നു. അവർ അദ്ദേഹത്തെ (കൊണ്ടുവരുവാൻ) ആളുകളെ നിയോഗിച്ചു. അദ്ദേഹം

കൊണ്ടുവരപ്പെട്ടു. (പ്രവാചകൻﷺ അദ്ദേഹത്തിന്റെ ഇരുകണ്ണുകളിലേക്ക് തുപ്പുകയും അദ്ദേഹത്തിന് വേണ്ടി ദുആ ഇരക്കുകയും ചെയ്തു. അതോടുകൂടി മുമ്പൊരു വേദന ഇല്ലാത്തവിധം സുഖം പ്രാപിച്ചു. പ്രവാചകൻﷺ അദ്ദേഹത്തിന് പതാക നൽകി. എന്നിട്ട് പറഞ്ഞു: സമാധാനത്തിലും മര്യാദയിലും താങ്കൾ മുന്നോട്ട് ഗമിക്കുക; താങ്കൾ അവരുടെ (കോട്ട) മുറ്റത്ത് ചെന്നിറങ്ങുന്നതുവരെ. ശേഷം താങ്കൾ അവരെ ഇസ്ലാമിലേക്ക് ക്ഷണിക്കുക. ഇസ്ലാമിൽ അവരുടെമേൽ നിർബന്ധമായ അല്ലാഹുവിന്റെ അവകാശങ്ങൾ താങ്കൾ അവരെ അറിയിക്കുക. അല്ലാഹുവാണെ സത്യം, താങ്കളിലൂടെ ഒരാൾക്ക് അല്ലാഹു ഹിദായത്ത് നൽകലാണ് താങ്കൾക്ക് ഒരു ചുവന്ന ഒട്ടകം ഉണ്ടാകുന്നതിനേക്കാൾ ഉത്തമം.” (ബുഖാരി, മുസ്ലിം)

**ഈ അദ്ധ്യായം ഉൾക്കൊണ്ട വിഷയങ്ങൾ:**

- അല്ലാഹുﷻയുടെ മാർഗ്ഗത്തിലേക്ക് ദഅ്വത്ത് ചെയ്യൽ അല്ലാഹുവിന്റെ റസൂൽﷺയെ പിൻപറ്റുന്നവരുടെ മാർഗ്ഗമാണ്.
- ഇഖ്ലാസ്വിനെകുറിച്ച് ഉത്ബോധിപ്പിക്കൽ; കാരണം ധാരാളമാളുകൾ സത്യത്തിലേക്ക് ക്ഷണിക്കുമ്പോൾ അവർ തന്നിലേക്കാണ് ക്ഷണിക്കുന്നത്.
- 'ബസ്വീറത്'(ദൃഢബോധം) നിർബന്ധകാര്യങ്ങളിൽപ്പെട്ടതാണ്.
- ഒരാളുടെ തൗഹീദ് നന്നായിട്ടുണ്ട് എന്നതിനുള്ള തെളിവുകളിൽപ്പെട്ടതാണ്; അയാൾ അല്ലാഹുﷻയെ ആക്ഷേപത്തിൽ നിന്ന് പരിശുദ്ധപ്പെടുത്തുകയെന്നത്.
- ശിർക്കിന്റെ മോശത്തരത്തിൽപ്പെട്ടതാണ്; അത് അല്ലാഹുﷻയെ ആക്ഷേപിക്കുകയാണ് എന്നത്.
- വളരെ പ്രധാന മസ്അലയാണ്; മുശ്രിക്കുകളിൽ നിന്ന് മുസ്ലിമിനെ അകറ്റുകയെന്നത്. അവർ ശിർക്ക് ചെയ്തിതില്ലെങ്കിലും അവർ അവരോടൊപ്പമാകരുത്.
- തൗഹീദ് ഒന്നാമത്തെ 'വാജിബ് ' ആണ്.
- ഏതൊരു കാര്യത്തിനുമുമ്പും തുടങ്ങേണ്ടത് തൗഹീദ് കൊണ്ടാണ്; നമസ്കാരം പോലും.
- “അവർ അല്ലാഹുവിനെ ഏകനാക്കുവാൻ” എന്ന വാക്കിന്റെ അർത്ഥമാണ്, 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്നതിന്റെ അർത്ഥവും.

- ഒരാൾ, വേദക്കാരിൽപ്പെട്ടവനായിരിക്കും എന്നിട്ടും അവന് സത്യസാക്ഷ്യം അറിയുകയില്ല, അല്ലെങ്കിൽ അറിയും പക്ഷേ അത് പ്രാവർത്തികമാക്കില്ല.
- ഘട്ടംഘട്ടമായി വിദ്യനൽകുന്നതിനെകുറിച്ച് ഉണർത്തൽ.
- അതിപ്രധാന്യമുള്ളത് കൊണ്ട് ആദ്യം തുടങ്ങുക. അങ്ങിനെ പ്രാധാന്യങ്ങൾക്കനുസ്സരിച്ച് കാര്യങ്ങൾ തുടങ്ങുക.
- സകാത്തിന്റെ വിതരണം.
- പണ്ഡിതൻ വിദ്യാർത്ഥിയുടെ സംശയങ്ങൾ ദൂരീകരിക്കൽ.
- മേൽതരം സ്വത്ത് സകാത്തായി വാങ്ങുന്നതിന്റെ നിരോധം.
- മർദ്ദിതന്റെ പ്രാർത്ഥനയെ സൂക്ഷിക്കൽ.
- പ്രസ്തുത പ്രാർത്ഥന മറക്കപ്പെടുകയില്ലെന്ന വിളംബരം.
- പ്രവാചകന്മാർക്കും ഔലിയാക്കളിലെ സാദാത്തുകൾക്കും വന്നുപെട്ട പ്രയാസങ്ങളും വിശപ്പും പകർച്ചവ്യാധിയും തൗഹീദിന്റെ തെളിവുകളിൽ പെട്ടതാണ്.
- “ഞാൻ നാളെ പതാക നൽകും......” എന്ന പ്രവാചകൻﷺയുടെ പ്രവചനം നുബുവ്വത്തിന്റെ അടയാളങ്ങളിൽ ഒന്നാണ്.
- അലിﷺവിന്റെ കണ്ണിൽ നബിﷺ തുപ്പിയത് നുബുവ്വത്തിന്റെ അടയാളങ്ങളിൽ ഒന്നാണ്.
- അലിﷺവിന്റെ ശ്രേഷ്ഠത.
- രാത്രിയിൽ സ്വഹാബികൾﷺ സംസാരത്തിൽ മുഴുകിയതും വിജയത്തെക്കുറിച്ചുള്ള സന്തോഷവാർത്തയിൽ അവർ രാവ് മുഴുവൻ മുഴുകിയതും അവരുടെ മഹത്വം വിളിച്ചറിയിക്കുന്നു.
- ‘ഖദ്റി’ലുള്ള വിശ്വാസം; പതാക തേടിച്ചെന്നവന് അത് തടയപ്പെട്ടു. തേടിചെല്ലാത്തവന് അത് ലഭിക്കുകയും ചെയ്തു.
- പ്രവാചകൻﷺയുടെ “സമാധാനത്തിലും മര്യാദയിലും താങ്കൾ മുന്നോട്ട് ഗമിക്കുക” എന്ന വാക്കിലുള്ള അദബ്.
- ‘ഖിതാലി’ന് (സായുധ പോരാട്ടം) മുമ്പായി ശത്രുക്കളെ ഇസ്‌ലാമിലേക്ക് ‘ദഅ്‌വത്‘ ചെയ്യണം.
- ഒരിക്കൽ ഇസ്‌ലാമിലേക്ക് ദഅ്‌വത്ത് ചെയ്യപ്പെടുകയും യുദ്ധം നടത്തപ്പെടുകയും ചെയ്തവരാണെങ്കിലും പിന്നീട് അവരോട് (ശത്രുക്കളോട്) യുദ്ധം ചെയ്യുന്നുവെങ്കിൽ, അതിന് മുമ്പ് അവരെ ദഅ്‌വത്ത് നടത്തണം. (എന്നിട്ടെ അവരോട് യുദ്ധം ചെയ്യാവൂ.)

- പ്രവാചകൻﷺയുടെ "അവരുടെമേൽ നിർബന്ധമായത് അവരോട് താങ്കൾ ഉണർത്തണം." എന്ന വാചകം ഹിക്മത്തോട് കൂടിയാണ് ദഅ്വത്ത് നടത്തേണ്ടത് എന്നറിയിക്കുന്നു.
- ഇസ്‌ലാമിൽ അല്ലാഹുﷻയുടെ അവകാശങ്ങൾ അറിയൽ.
- ഒരാൾ ഒരാളുടെ കൈയ്യാൽ ഹിദായത്തിലായാൽ അയാൾക്കുള്ള പ്രതിഫലം.
- ഫത്‌വ പറയാൻ സത്യംചെയ്യൽ.

**ശൈഖ് മുഹമ്മദ് ഇബ്നു അബ്ദിൽ വഹ്ഹാബ് (റഹിമഹുല്ല)യുടെ കിതാബുത്തൗഹീദിൽ നിന്ന്**

**വിവർത്തനം**
**അബ്ദുൽ ജബ്ബാർ അബ്ദുല്ല**